ICPS 3/028240/16

സാമൂഹ്യ നീതി ഡയറക്ടറേറ്റ്(അനക്സ്),
SCPS, പൂജപ്പുര, തിരുവനന്തപുരം.
തീയതി : 03.03.2017

## സർക്കുലർ

വിഷയം : സാ.നീ.വ-ഐ.സി.പി.എസ്- **കാവൽ** -നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളുടെ മാനസിക സാമൂഹ്യ സംരക്ഷണവും പുനരധിവാസവും സംബന്ധിയ്ക്കുന്ന പരിപാടി - SJPU പരിശീലനം - ഉദ്യോഗസ്ഥരെ നിയോഗിയ്ക്കുന്നത് സംബന്ധിച്ച്.

സൂചന :-

സംസ്ഥാനത്തുള്ള നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളുടെ മാനസിക സാമൂഹ്യാവസ്ഥ മെച്ചപ്പെടുത്തി പുനരധിവസിപ്പിയ്ക്കുക എന്ന ലക്ഷ്യത്തോടെ സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള സംയോജിത ശിശുസംരക്ഷണ പദ്ധതിയും ബാഗ്ലൂർ NIMHANS ഉം സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതി ( **കാവൽ**) സംബന്ധിച്ച് താഴെപ്പറയുന്ന ഷെഡ്യൂൾ പ്രകാരം SJPU വിലെ പോലീസ് ഓഫീസർമാർക്കും , DCPU വിലെ ജീവനക്കാർക്കുമായി മൂന്ന് ബാച്ചുകളിലായി പരിശീലനം സംഘടിപ്പിച്ചിട്ടുണ്ട്. പ്രസ്തുത പരിശീലനത്തിന് ബന്ധപ്പെട്ട ഡിസ്ട്രിക്ട് ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർമാർ തങ്ങളുടെ ഓഫീസിലെ ലീഗൽ കം പ്രൊബേഷൻ ഓഫീസർമാരേയും SJPU മായി ബന്ധപ്പെട്ട് പ്രവർത്തിയ്ക്കുന്ന ഒരു സോഷ്യൽ വർക്കറേയും നിയോഗിയ്ക്കേണ്ടതാണ്

| ഒന്നാം ബാച്ച് | | |
|---|---|---|
| തീയതി | സ്ഥലം | പരിശീലനാർത്ഥികൾ |
| 08.03.2017 മുതൽ 10.03.2017 വരെ | കേരള പോലീസ് അക്കാദമി രാമവർമ്മപുരം ,തൃശ്ശൂർ | 1. പാലക്കാട്, കോഴിക്കോട്, വയനാട്, കണ്ണൂർ, മലപ്പുറം, കാസർഗോഡ് എന്നീ ജില്ലകളിലെ SJPU വിലെ പോലീസ് ഓഫീസർമാർ<br>2. പാലക്കാട്, കോഴിക്കോട്, വയനാട്, കണ്ണൂർ, മലപ്പുറം, കാസർഗോഡ് എന്നീ ജില്ലകളിലെ ലീഗൽ കം പ്രൊബേഷൻ ഓഫീസർ SJPU മായി ബന്ധപ്പെട്ട് പ്രവർത്തിയ്ക്കുന്ന ഒരു സോഷ്യൽ വർക്കർ |

| രണ്ടാം ബാച്ച് | | |
|---|---|---|
| തീയതി | സ്ഥലം | `പരിശീലനാർത്ഥികൾ |
| 13.03.2017 മുതൽ 15.03.2017 വരെ | പോലീസ് ട്രെയിനിംഗ് കോളേജ് ,തൈക്കാട് തിരുവനന്തപുരം. | 1. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ എന്നീ ജില്ലകളിലെ SJPU വിലെ പോലീസ് ഓഫീസർമാർ<br>2. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ എന്നീ ജില്ലകളിലെ ലീഗൽ കം പ്രൊബേഷൻ ഓഫീസർ, SJPU മായി ബന്ധപ്പെട്ട് പ്രവർത്തിയ്ക്കുന്ന ഒരു സോഷ്യൽ വർക്കർ<br>. |

| മൂന്നാം ബാച്ച് | | |
|---|---|---|
| തീയതി | സ്ഥലം | പരിശീലനാർത്ഥികൾ |
| 20.03.2017 മുതൽ 22.03.2017 വരെ | കേരള പോലീസ് അക്കാദമി രാമവർമ്മപുരം , തൃശ്ശൂർ | 1. ഇടുക്കി, തൃശ്ശൂർ, എറണാകുളം, കോട്ടയം,എന്നീ ജില്ലകളിലെ SJPU വിലെ പോലീസ് ഓഫീസർമാർ<br>2. ഇടുക്കി, തൃശ്ശൂർ, എറണാകുളം, കോട്ടയം എന്നീ ജില്ലകളിലെ ലീഗൽ കം പ്രൊബേഷൻ ഓഫീസർ SJPU മായി ബന്ധപ്പെട്ട് പ്രവർത്തിയ്ക്കുന്ന ഒരു സോഷ്യൽ വർക്കർ<br>. |

കൂടാതെ ഒരോ ബാച്ച് പരിശീലന പരിപാടിയിലും താഴെപ്പറയുന്നവർ കൂടി പങ്കെടുക്കേണ്ടതാണ്.

| | |
|---|---|
| ഒന്നാം ബാച്ച് & രണ്ടാം ബാച്ച് | ശ്രീ.കെ.കെ.സുബൈർ ,<br>ജില്ലാ ശിശു സംരക്ഷണ ഓഫീസർ, തിരുവനന്തപുരം |
| മൂന്നാം ബാച്ച് | ശ്രീമതി.ഷീബ മുംതാസ്<br>ജില്ലാ ശിശു സംരക്ഷണ ഓഫീസർ, കോഴിക്കോട്. |

പരിശീലനത്തിന് നിയോഗിക്കപ്പെട്ടവർ പരിശീലനം തുടങ്ങുന്ന ദിവസം രാവിലെ 9 മണിയ്ക്ക് മുൻപായി പരിശീലനകേന്ദ്രത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതും കൃത്യമായി മൂന്ന് ദിവത്തെ പരിശീലനത്തിൽ പങ്കെടുക്കേണ്ടതുമാണ്. പരിശീലനാർത്ഥികൾക്ക് താമസസൗകര്യം ,ഭക്ഷണം എന്നിവ അതാത് പരിശീലനകേന്ദ്രത്തിൽ നിന്നും ലഭ്യമാക്കുന്നതാണ്. പരിശീലനത്തിന് നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർക്ക് നിയമാനുസൃതമായ ററി.എ/ഡി.എ യ്ക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്.

ഒരോ ബാച്ച് പരിശീലനത്തിനും പങ്കെടുക്കേണ്ട പോലീസ് ഓഫീസർക്കുള്ള ഉത്തരവ് പോലീസ് വകുപ്പിൽ നിന്നും പുറപ്പെടുവിയ്ചിട്ടുണ്ട്

സാമൂഹ്യനീതി ഡയറക്ടർക്കുവേണ്ടി

- എല്ലാ ജില്ലാ ശിശുസംരക്ഷണ ഓഫീസർമാർക്കും,

പകർപ്പ്

1. പ്രിൻസിപ്പൽ,പോലീസ് ട്രെയിനിംഗ് കോളേജ് ,തൈക്കാട് തിരുവനന്തപുരം.
2. പ്രിൻസിപ്പൽ ,കേരള പോലീസ് അക്കാദമി രാമവർമ്മപുരം , തൃശ്ശൂർ
3. സ്റ്റേറ്റ് പോലീസ് ചീഫ് , തിരുവനന്തപുരം. (ആമുഖ കത്ത് സഹിതം)
4. ICPS 4
5. സ്റ്റോക്ക് ഫയൽ